(സി) ഇത്തരം നടപടികൾ മതേതര വിരുദ്ധമാണെന്ന് കരുതുന്നുണ്ടോ ;

(ഡി) എങ്കിൽ ഇത് പാടില്ലെന്ന് നിഷ്ക്കർഷിക്കുമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി-ഡി) പരിശോധിച്ചു മറുപടി നൽകുന്നതാണ്.

**പോലീസ് വകുപ്പിന്റെ നവീകരണത്തിനായി ബഡ്ജറ്റിൽ വകകൊള്ളിച്ചിട്ടുള്ള തുക**

**151 (2136)** ശ്രീ. ബിനോയ് വിശ്വം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ പോലീസ് വകുപ്പിന്റെ നവീകരണത്തിനായി ഈ വർഷത്തെ ബഡ്ജറ്റിൽ എത്ര തുകയാണ് വകകൊള്ളിച്ചിട്ടുള്ളത് ; ഇതിൽ കേന്ദ്രത്തിന്റേയും സംസ്ഥാനത്തിന്റേയും വിഹിതം എത്ര വീതമാണെന്ന് അറിയിക്കുമോ ;

(ബി) പോലീസ് നവീകരണത്തിന്റെ പരിപാടികൾ ഏതെല്ലാമാണെന്നും അതിന് ഓരോന്നിനും പ്രത്യേകമായി വകകൊള്ളിച്ചിട്ടുള്ള തുക എത്ര വീതമാണെന്നും വ്യക്തമാക്കുമോ ;

(സി) ഈ ഇനത്തിൽ കാറുകൾ, ജീപ്പുകൾ, വാനുകൾ, മറ്റ് വലിയ വാഹനങ്ങൾ, ബൈക്കുകൾ എന്നിവ വാങ്ങുന്നതിന് എത്ര രൂപ വീതം വകയിരുത്തിയിട്ടുണ്ടെന്ന് ഇനം തിരിച്ച് വ്യക്തമാക്കുമോ ;

(ഡി) ഈ ഇനത്തിൽ കമ്പ്യൂട്ടർ വാങ്ങുന്നതിന് വകകൊള്ളിച്ചിട്ടുള്ള തുക എത്രയെന്ന് വ്യക്തമാക്കുമോ ;

(ഇ) പോലീസ് വകുപ്പിലെ കോൺസ്റ്റബിൾമാർക്ക് അനുവദിച്ചിട്ടുള്ള ക്വാർട്ടേഴ്സുകളുടെയും ഫ്ളാറ്റുകളുടെയും ഇപ്പോഴത്തെ സ്ഥിതി തൃപ്തികരമല്ല എന്ന റിപ്പോർട്ടുകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(എഫ്) എങ്കിൽ ഇത് പരിഹരിക്കുവാൻ എന്തെല്ലാം നടപടികൾ സ്വീകരിക്കുമെന്ന് വ്യക്തമാക്കാമോ ?

ഉത്തരം

(എ) സംസ്ഥാന പോലീസ് വകുപ്പിന്റെ നവീകരണത്തിനായി ഈ വർഷം 80 കോടി രൂപയാണ് ബഡ്ജറ്റിൽ വകകൊള്ളിച്ചിട്ടുള്ളത്. ഇതിൽ കേന്ദ്ര വിഹിതം 60 കോടിയും സംസ്ഥാന വിഹിതം 20 കോടിയുമാണ്.

(ബി) 2003-2004 വർഷത്തെ പോലീസ് നവീകരണപദ്ധതിക്കായി 75.68 കോടി രൂപയുടെ ഒരു ആക്ഷൻ പ്ലാൻ അംഗീകാരത്തിനായി കേന്ദ്ര ഗവൺമെന്റിന് സമർപ്പിച്ചിട്ടുണ്ട്. എന്നാൽ കേരളത്തിന്റെ പദ്ധതി വിഹിതം 63 കോടി രൂപ മാത്രമാണ്. പ്രസ്തുത ആക്ഷൻ പ്ലാനിന്മേൽ കേന്ദ്ര സർക്കാരിന്റെ അംഗീകാരം ലഭിക്കേണ്ടതുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(സി) 2003-2004-ലെ ആക്ഷൻ പ്ലാനിൽ മൊബിലിറ്റി എന്ന സബ്-ഹെഡിൽ 10.26 കോടി രൂപ ഉൾപ്പെടുത്തിയിട്ടുണ്ട്.

(ഡി) കമ്പ്യൂട്ടറൈസേഷന് വേണ്ടി 5 കോടി രൂപ ഉൾപ്പെടുത്തിയിട്ടുണ്ട്.

(ഇ) ചില ക്വാർട്ടേഴ്സുകളുടെ സ്ഥിതി തൃപ്തികരമല്ല എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(എഫ്) ക്വാർട്ടേഴ്സുകളുടെ അറ്റകുറ്റപ്പണികൾ നടത്തി ഉപയോഗ യോഗ്യമാക്കുവാൻ വേണ്ട അനന്തര നടപടികൾ സ്വീകരിച്ചുവരുന്നു.

## പോലീസ് വകുപ്പിലേയ്ക്ക് വാങ്ങിയ വാഹനങ്ങൾ

**152 (2140)** ശ്രീ. സാജു പോൾ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം പോലീസ് വകുപ്പിൽ എത്ര വാഹനങ്ങൾ, ഏതെല്ലാം ഇനം വാങ്ങിച്ചിട്ടുണ്ട് ;

(ബി) ഇവ ഏതെല്ലാം കമ്പനികളിൽ നിന്നും എത്ര വീതം വാങ്ങി എന്നും അവ ഓരോന്നിന്റെയും വില എത്രയെന്നും വ്യക്തമാക്കുമോ ;

(സി) ഇവ വാങ്ങുന്നതിനായി സ്വീകരിച്ച നടപടിക്രമം വ്യക്തമാക്കുമോ ; ഈ വാഹനങ്ങൾ ഏതെല്ലാം ഉദ്യോഗസ്ഥർക്കാണ് വിതരണം ചെയ്തതെന്ന് വിശദമാക്കുമോ ;

(ഡി) തുടർന്ന് എത്ര വാഹനങ്ങൾ കൂടി വാങ്ങാൻ തിരുമാനിച്ചിട്ടുണ്ടെന്ന് അറിയിക്കുമോ ?

### ഉത്തരം

(എ&ബി) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം 1382 വാഹനങ്ങൾ വാങ്ങിയിട്ടുണ്ട്. വിശദവിവരം അനുബന്ധമായി ചേർത്തിട്ടുണ്ട്.*

(സി) പോലീസ് വകുപ്പിലേക്ക് ആവശ്യമുള്ള വാഹനങ്ങൾ തെരഞ്ഞെടുക്കുന്നതിന് ഒരു കമ്മിറ്റി രൂപീകരിച്ച് അവർ ശുപാർശ ചെയ്ത പ്രകാരം ഡി.ജി.എസ്സ്. ആന്റ് ഡി.യുടെ റേറ്റ് കോൺട്രാക്ട് അനുസരിച്ചാണ് ഈ വാഹനങ്ങൾ വാങ്ങിയിട്ടുള്ളത്. ഈ വാഹനങ്ങൾ പോലീസ് സ്റ്റേഷൻ മുതൽ സീനിയർ പോലീസ് ഉദ്യോഗസ്ഥർവരെ ഉപയോഗിച്ചു വരുന്നു.

(ഡി) ബ്യൂറോ ഓഫ് പോലീസ് റിസർച്ച് ആന്റ് ഡവലപ്മെന്റിന്റെ പഠനം പ്രകാരം ഇനിയും കേരള പോലീസിലേയ്ക്ക് ആവശ്യമായ വാഹനങ്ങൾ ആയിട്ടില്ല. ഈ വർഷം ഇനിയും 210 ഡീസൽ ജീപ്പുകൾ, 10 വലിയ വാഹനങ്ങൾ, 5 ബുള്ളറ്റ് പ്രൂഫ് കാറുകൾ, ഒരു പ്രൊക്ലയിംഗ് എസ്കവേറ്റർ, ടിപ്പർ ലോറികൾ, 60 മോട്ടോർ സൈക്കിൾ മുതലായവ വാങ്ങാൻ ഉദ്ദേശിക്കുന്നു.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.



LIBRARY ARCHIVES Kerala Legislative Assembly